# ചിത്രാഞ്ജലി സ്റ്റുഡിയോ

## (കെ.എസ്.എഫ്.ഡി.സി. യൂണിററ്)

## തിരുവല്ലം,തിരുവനന്തപുരം–695 027

**ഫോൺ: 0471–2381450, 51, 52**

ഇ–മെയിൽ:**chitranjalistudio@yahoo.com**

നം: 96/സി.എസ്/12 തീയതി: 15/12/16

**<u>ടെണ്ടർ നോട്ടീസ്</u>**

കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ വക തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോയിൽ **സെക്യൂരിററി ഗാർഡ്** സേവനത്തിനായി ടി മേഖലയിൽ പ്രവർത്തിക്കുന്ന പരിചയ സമ്പന്നരായ ഏജൻസികളിൽ നിന്നും മുദ്ര വെച്ച കവറിൽ മത്സര സ്വഭാവം ഉള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി:**03/01/2017 3 പി.എം.**

വിശദ വിവരങ്ങൾക്ക് 9961968135 എന്ന നമ്പരിൽ ബന്ധപ്പെടുകയോ **www.ksfdc.in** എന്ന വെബ്സൈററ് സന്ദർശിക്കുകയോ ചെയ്യുക.

(ഒപ്പ്)

**സ്റ്റുഡിയോ മാനേജർ i/c.**

# ചിത്രാഞ്ജലി സ്റ്റുഡിയോ

## (കെ.എസ്.എഫ്.ഡി.സി. യൂണിററ്)

## തിരുവല്ലം,തിരുവനന്തപുരം-695 027

**ഫോൺ: 0471-2381450, 51, 52**

ഇ-മെയിൽ:**chitranjalistudio@yahoo.com**

നം: 96/സി.എസ്/12 തീയതി: 14/12/16

<u>ടെണ്ടർ നോട്ടീസ്</u>

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരം, തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ളക്സിലെ, സെക്യൂരിററി ഗാർഡ് സേവനം കരാർ വ്യവസ്ഥയിൽ ഏറെറടുത്തു നടത്തുന്നതിനായി പരിചയ സമ്പന്നരായ ഏജൻസികളിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്ര വെച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

<u>വ്യവസ്ഥകൾ</u>

1) കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ വക, തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ളക്സിലാണ്, സെക്യൂരിററി ഗാർഡിന്റെ സേവനം ആവശ്യമുള്ളത്. സമാന സ്ഥാപനങ്ങളിൽ ഈ രംഗത്ത് അഞ്ച് വർഷത്തിൽ കുറയാത്ത സേവന പരിചയം ഉള്ള ഏജൻസികൾ മാത്രം ടെണ്ടർ സമർപ്പിച്ചാൽ മതിയാകുന്നതാണ്. നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

2) ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ളക്സിൽ 24 മണിക്കൂർ സെക്യൂരിററി ഡ്യൂട്ടിയ്ക്കായി 12 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായത്തിൽ 04 ജീവനക്കാരെ വേണം. രണ്ട് ജീവനക്കാർ 12 മണിക്കൂർ ഡ്യൂട്ടിയിൽ സ്റ്റുഡിയോ പ്രധാന കവാടത്തിലും മററു രണ്ടു പേർ 12 മണിക്കൂർ ഡ്യൂട്ടിയിൽ സ്റ്റുഡിയോ കോമ്പൗണ്ടിൽ ലൊക്കേഷൻ ഡ്യൂട്ടിയ്ക്കായും വേണ്ടി വരും.

3) ചിത്രാഞ്ജലി സ്റ്റുഡിയോയിൽ വരുന്ന വാഹനങ്ങൾ പ്രധാന ഗേററ് വഴിയാണ് പ്രവേശിക്കുന്നതും തിരികെ പോകുന്നതും. ഈ കവാടത്തിൽ ഡ്യൂട്ടിയുള്ള സെക്യൂരിററി വാഹനങ്ങൾക്ക് വരുന്നതിനും പോകുന്നതിനുമായി പ്രധാന ഗേററ് നിയന്ത്രിക്കണം. <u>സ്റ്റുഡിയോയിൽ വരുന്ന നിർമ്മാതാക്കൾ, സിനിമാ പ്രവർത്തകർ, സന്ദർശകർ തുടങ്ങിയവർ ആവശ്യപ്പെടുന്നപക്ഷം സ്റ്റുഡിയോ സംബന്ധമായ പ്രാഥമിക വിവരങ്ങൾ നല്കണം</u>. വാഹനങ്ങൾ വരുന്നതിനും പോകുന്നതിനുമല്ലാതെ മററ് സമയങ്ങളിൽ ഗേററ് തുറന്നിടാൻ പാടില്ല. സ്റ്റുഡിയോയിൽ വരുന്ന നിർമ്മാതാക്കൾ, ചലച്ചിത്ര പ്രവർത്തകർ, സന്ദർശകർ തുടങ്ങിയവരോട് എല്ലായ്പ്പോഴും മാന്യമായും സൗഹാർദ്ദപര

മായും പെരുമാറേണ്ടതാണ്. പ്രധാന കവാടത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ സ്റ്റുഡിയോയിൽ വന്നുപോകുന്ന വാഹനങ്ങളുടെ വിവരം രേഖപ്പെടുത്തണം.

4) ലൊക്കേഷൻ ഡ്യൂട്ടിയിലുള്ള സെക്യൂരിററി, സ്റ്റുഡിയോയിലെ ലാൻഡ്സ്കേപ്പ് ഏരിയ, കോവിൽ, ടെക്നിക്കൽ ഏരിയ, എഫ്.ടി.ഐ.കെ കെട്ടിട പരിസരം, സ്റ്റുഡിയോ അതിരുകൾ തുടങ്ങി കോമ്പൗണ്ട് മുഴുവൻ ചുററി നടന്ന് നിരീക്ഷിക്കണം. സ്റ്റുഡിയോ വസ്തുവകകളുടെ പൂർണ്ണമായ സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതും സ്റ്റുഡിയോയിൽ എത്തുന്ന സന്ദർശകരിൽ നിന്നും ഉണ്ടായേക്കാവുന്ന അസാധാരണവും മാന്യമല്ലാത്തതുമായ പ്രവർത്തനങ്ങൾ തടയേണ്ടതും അക്കാര്യം ആഫീസിൽ റിപ്പോർട്ടു ചെയ്യേണ്ടതു **മാണ്.** സ്റ്റുഡിയോയിലെ വിവിധ ലൊക്കേഷനുകളിൽ നടക്കുന്ന ഷൂട്ടിംഗ് മുതലായ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതും ഓരോ ദിവസവും നടക്കുന്ന പ്രവർത്തനങ്ങൾ ലൊക്കേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി അടുത്ത ദിവസം ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

5) സെക്യൂരിററി ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാർ നെയിംബാഡ്ജ് കൂടിയുള്ള യൂണിഫോം ധരിക്കേണ്ടതാണ്.

6) കരാർ പ്രകാരം നിയോഗിക്കപ്പെടുന്ന സെക്യൂരിററി ജീവനക്കാരുടെ പ്രായം 55 വയസ്സിൽ കവിയാൻ പാടില്ല. ഇപ്രകാരം നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ പേര്, വിലാസം തുടങ്ങിയ ഒരു പാനൽ (പട്ടിക) ടെണ്ടറിനൊപ്പം സമർപ്പിക്കണം. ടി പാനലിൽ ഉൾപ്പെട്ട ജീവനക്കാരെയായിരിക്കണം ഡ്യൂട്ടിക്ക് നിയോഗിക്കേണ്ടത്. പുതുതായി ഉൾപ്പെടുത്തുന്നവരുടെ പേരുവിവരം കൃത്യമായി സ്റ്റുഡിയോ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

7) ഡ്യൂട്ടി സമയത്ത് മദ്യപിക്കുകയോ, പുകവലിക്കുകയോ സ്റ്റുഡിയോ മാനേജരുടെ അനുവാദമില്ലാതെ കോമ്പൗണ്ടിനു പുറത്ത് പോകുകയോ പാടുള്ളതല്ല. സ്റ്റുഡിയോക്ക് ചീത്തപ്പേരുണ്ടാകുന്ന കൂട്ടുകെട്ടുകളിൽ ഏർപ്പെടുകയോ അവരുമായി സമ്പർക്കം പുലർത്തുവാനോ പാടുള്ളതല്ല.

8) ഡ്യൂട്ടിക്ക് ആവശ്യപ്പെടുന്ന എണ്ണം സെക്യൂരിററി ഗാർഡുമാരെ കരാർ ഏജൻസി കൃത്യമായി നൽകേണ്ടതാണ്. കരാറുകാരൻ ഏർപ്പെടുത്തുന്ന തൊഴിലാളികളും മാനേജ്മെന്റുമായി യാതൊരു വിധ തൊഴിലാളി തൊഴിലുടമ ബന്ധവും ഉണ്ടായിരിക്കുന്നതല്ല. സെക്യൂരിററി ഗാർഡുമാരുടെ **ഇ.എസ്.ഐ**, പി.എഫ്. തുടങ്ങിയ സുരക്ഷിതത്വ നടപടികളുടെയും മററും തൊഴിൽപരമായ പൂർണ്ണ ഉത്തരവാദിത്വം ഏജൻസിയിൽ നിക്ഷിപ്തമാണ്.

9) ഓരോ മാസത്തേയും സെക്യൂരിററി സർവ്വീസ് പ്രവർത്തനം മാനേജ്മെന്റ് വില യിരുത്തി തൃപ്തികരമെന്ന് കണ്ടാൽ അടുത്ത മാസം 10-ാം തീയതി ചെക്ക് മുഖേന പേയ്മെന്റ് നല്കുന്നതാണ്.

10) മുകളിൽ പറയുന്ന വ്യവസ്ഥകൾ അനുസരിച്ച് കരാർ കാലാവധി ഒരു വർഷമാ യിരിക്കും. ഒരു മാസത്തെ നോട്ടീസ് നൽകി കരാർ റദ്ദു ചെയ്യുവാൻ മാനേജ്മെന്റിന് അധികാരമുണ്ടായിരിക്കും. ഒരു മാസത്തെ നോട്ടീസ് നൽകി സേവനം അവസാനിപ്പി ക്കുവാൻ കരാറുകാരനു അവകാശമുണ്ടായിരിക്കും. അടിയന്തിര സാഹചര്യത്തിൽ നോട്ടീസ് കാലാവധി കുറയ്ക്കാൻ മാനേജ്മെന്റിന് അധികാരമുണ്ടായിരിക്കും.

11) ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന തൊഴിലാളികൾക്ക് യൂണിഫോമും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഏജൻസി നല്കേണ്ടതും തൊഴിലാളികൾ അവ ധരിച്ച് തൊഴിൽ ചെയ്യുന്നു എന്നുറപ്പിക്കേണ്ടതുമാണ്. ജീവനക്കാരുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സഹിതമുള്ള (വോട്ടേഴ്സ് ഐ.ഡി, ആധാർ) ബയോഡാററ എന്നിവ ഏജൻസി മുൻകൂറായി ഓഫീസിൽ ഏല്പ്പിച്ചിരിക്കണം.

12) ഏതെങ്കിലും ഗാർഡിനെ പ്രത്യേക കാരണം കൂടാതെ തന്നെ മാററണമെന്ന് ആവ ശ്യപ്പെടാൻ മാനേജ്മെന്റിന് അധികാരമുണ്ടായിരിക്കുന്നതും അത്തരത്തിൽ ആവശ്യപ്പെ ട്ടാൽ **24** മണിക്കൂറിനകം പ്രസ്തുത ഗാർഡിനെ മാററി പകരം ഗാർഡിനെ നിയോഗി ക്കാൻ ഏജൻസി ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

13) ചിത്രാഞ്ജലി സ്റ്റുഡിയോ ഓഫീസിൽ നിന്ന് അപ്പപ്പോഴുള്ള നിർദ്ദേശങ്ങൾ ഏജൻസിയും ഗാർഡുമാരും നിർബന്ധമായും പാലിക്കേണ്ടതാണ്.

14) കരാർ ഉറപ്പിച്ചു കിട്ടുന്ന ഏജൻസി/സ്ഥാപനം നൂറ് രൂപ മുദ്രപത്രത്തിൽ നിർദ്ദിഷ്ഠ വ്യവസ്ഥകൾ ഉൾക്കൊളളിച്ച് ഒരു കരാർ ഒപ്പ് വെയ്ക്കേണ്ടതും അവരുടെ നിരതദ്രവ്യം സെക്യൂരിററി ഡെപ്പോസിററായി കണക്കാക്കുന്നതുമാണ്. ഈ തുക കരാർ കാലാവധി തൃപ്തികരമായി പൂർത്തിയാക്കിയതിനു ശേഷം സ്റ്റുഡിയോയ്ക്ക് ലഭിക്കാൻ ഉള്ള തുക ഉണ്ടെങ്കിൽ തട്ടികഴിച്ച് തിരികെ നല്കുന്നതാണ്.

15) മുകളിൽ പറഞ്ഞിരിക്കുന്ന ഗാർഡുമാരുടെ ആവശ്യകതയിൽ ഏററക്കുറച്ചിലു കൾ ഉണ്ടാകാവുന്നതാണ്. ആയതിനാൽ പന്ത്രണ്ട് മണിക്കൂർ വ്യവസ്ഥകളിൽ ഗാർഡൊ ന്നിന് സർവ്വീസ് ചാർജ് ഉൾപ്പെടെ പ്രതിമാസം നൽകേണ്ട കരാർ തുകയാണ് ടെണ്ടറിൽ കാണിക്കേണ്ടത്.

ഒപ്പ്

**സ്റ്റുഡിയോ മാനേജർ i/c.**

# <u>ടെണ്ടർ ഫോറം</u>

1) ഏജൻസിയുടെ/സ്ഥാപനത്തിന്റെ പേര് :

2) പൂർണ്ണമായ മേൽവിലാസം :

3) ഫോൺ നമ്പർ :

4) മുൻപരിചയത്തിന്റെ വിശദാംശം :

5) ടെണ്ടർ ഫോറത്തിന്റെ വില അടച്ചതിന്റെ വിശദാംശം :

6) നിരതദ്രവ്യം അടച്ചതിന്റെ വിശദാംശം :

7) ആവശ്യപ്പെടുന്ന പ്രതിമാസ കരാർ തുക :
അക്കത്തിൽ : 12 മണിക്കൂർ വ്യവസ്ഥയിൽ
(സർവ്വീസ് ടാക്സ് ആളൊന്നിന്
ഉൾപ്പെടെ)

അക്ഷരത്തിൽ :

---

വ്യവസ്ഥകൾ എല്ലാം വായിച്ച് മനസ്സിലാക്കി, അവ പൂർണ്ണമായി പാലിച്ചു കൊള്ളാമെന്ന് സമ്മതിച്ചു കൊള്ളുന്നു.

തീയതി:

ഒപ്പ്:
പേര്:
മേൽവിലാസം:

(ടെണ്ടർ ഫോറവും വ്യവസ്ഥകളും **www.ksfdc.in** എന്ന വെബ് സൈററിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് എടുക്കാവുന്നതാണ്. അത്തരത്തിൽ എടുക്കുമ്പോൾ ടെണ്ടർ ഫോറത്തിന്റെ വില പ്രത്യേകമായി ഡിമാന്റ് ഡ്രാഫ്ററ് മുഖേന ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്).

ടെണ്ടർ ഷെഡ്യൂൾ

| | |
|---|---|
| 1) ജോലിയുടെ സ്വഭാവം | : തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ളക്സിലെ സെക്യൂരിററി ജോലികൾ |
| 2) ടെണ്ടർ ഫോറം | : 1000/– രൂപ + 5% വാററ് നികുതി |
| 3) നിരതദ്രവ്യം | : 20,000/– രൂപ (ഇരുപതിനായിരം രൂപ) (സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്ററ്) |
| 4) ടെണ്ടർ വില്ക്കുന്ന സമയ പരിധി | : **03/01/2017 12 മണി വരെ** |
| 5) ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി | : **03/01/2017 3 മണി** |
| 6) ടെണ്ടറുകൾ തുറന്നു പരിശോധിക്കുന്നത് | : **03/01/2017 4 മണി** |
| 7) ടെണ്ടർ സമർപ്പിക്കേണ്ട മേൽവിലാസം | : സ്റ്റുഡിയോ മാനേജർ,<br>ചിത്രാഞ്ജലി സ്റ്റുഡിയോ,<br>തിരുവല്ലം, തിരുവനന്തപുരം–27. |

**സ്റ്റുഡിയോ മാനേജർ i/c.**